**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4975** **04-07-2024 - ൽ മറുപടിയ്ക്ക്**

**കടമക്കുടി ഗ്രമപഞ്ചായത്തിലെ കോതാട് -ചേന്തർ പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ ജി.ഐ.ഡി.എ. (ഗോശ്രീ ഐലൻഡ് ഡെവലപ്മെന്റ് അതോറിറ്റി) യുടെ ധനസഹായത്തോടെ നിർമ്മിക്കുന്നതും പൊതുമരാമത്ത് വകുപ്പ് 06.11.2021ന് 37.50 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതുമായ കടമക്കുടി ഗ്രമപഞ്ചായത്തിലെ കോതാട് -ചേന്തർ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (എ) | സൈറ്റ് കണ്ടീഷൻ അനുസരിച്ച് ഡിസൈൻ പലതവണ പുതുക്കേണ്ടി വന്നത് കാലതാമസത്തിനു കാരണമായി. പുതുക്കിയ രൂപകൽപ്പനയും DSOR-ലെ മാറ്റവും അനുസരിച്ച് 23.03.23-ന് ഭരണാനുമതി 41.14 കോടിയായി പുതുക്കി നൽകി. IWAI ക്ലിയറൻസ് ലഭിച്ചു. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചതിലുള്ള തിരുത്തലുകൾ നടത്തി വരുന്നു. CRZ ക്ലിയറൻസ്, വാട്ടർ മെട്രോ ക്ലിയറൻസ്, നിർമ്മാണത്തിനാവശ്യമായ ഭൂമി എന്നിവ ലഭ്യമാവുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടി സ്വീകരിക്കുവാൻ സാധിക്കും. |
| (ബി) | പ്രസ്തുത പാലത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചോ; എത്ര സെന്റ് ഭൂമിയാണ് പാലം നിർമ്മാണത്തിനായി ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | നടപടികൾ പൂർത്തിയായിട്ടില്ല. പ്രസ്തുത പാലത്തിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ GIDA യുടെ കീഴിൽ പുരോഗമിച്ചു വരുന്നു. |
| (സി) | പ്രസ്തുത പാലത്തിനായി വാട്ടർ മെട്രോയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (സി) | വാട്ടർ മെട്രോ ഏറ്റെടുത്ത സ്ഥലം പാലം നിർമ്മാണത്തിനായി ലഭ്യമാക്കുന്ന നടപടികൾ GIDA മുഖാന്തിരം സ്വീകരിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. CRZ ക്ളിയറൻസ്, വാട്ടർ മെട്രോക്ലിയറൻസ്, നിർമ്മാണത്തിനാവശ്യമായ ഭൂമി എന്നിവ ലഭ്യമാവുന്നമുറയ്ക്ക് മാത്രമേ സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കു. |

സെക്ഷൻ ഓഫീസർ